# ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച്

ഫെബ്രുവരി 2015 | പേജ് 4 | വില 2 രൂപ


# ഇരുസഭാവാദം സഭാഭരണഘടനാ വിരുദ്ധവും കോടതി അലക്ഷ്യവും

### അഡ്വ. സജി കൊടുവത്ത്

മലങ്കരസഭ, ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗമാണെന്നതിലും അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയ സാരഥ്യമുണ്ടെന്നതിലും ആർക്കും തർക്കമുണ്ടാവില്ല. എന്നാൽ മലങ്കരസഭയും പാത്രിയർക്കീസും തമ്മിലുള്ള ബന്ധം സുപ്രീംകോടതി അടിവരയിട്ടു പ്രഖ്യാപിച്ച പ്രകാരം 1934-ലെ സഭാഭരണ ഘടനയിൽ പറയുന്നതാണെന്ന് അംഗീകരിക്കാൻ പാത്രിയർക്കീസിനുള്ള വൈമുഖ്യമാണ് മലങ്കരസഭയിലെ എക്കാലത്തെയും തർക്കങ്ങൾക്കടിസ്ഥാനം.

മലങ്കരസഭയിലെ കാതോലിക്കാ, പാത്രിയർക്കീസ് വിഭാഗങ്ങൾ തമ്മിലുള്ള എല്ലാ തർക്കങ്ങളും പാത്രിയർക്കീസിന്റെ ഒരു വാക്യത്തിൽ അവസാനിക്കാവുന്നതാണ് - താൻ സുപ്രീംകോടതിവിധി അംഗീകരിക്കുന്നു!

**രണ്ടാം സമുദായക്കേസ് എന്തിന്?**

1934-ലെ സഭാഭരണഘടനപ്രകാരമല്ലാതെ പാത്രിയർക്കീസ്, മെത്രാന്മാരെ വാഴിച്ചത് നിയമാനുസൃതമല്ലെന്നു പ്രഖ്യാപിക്കുന്നതിനായിരുന്നു 1995-ലെ സുപ്രീംകോടതിവിധിക്കടിസ്ഥാനമായ രണ്ടാം സമുദായക്കേസ്. സഭാഭരണഘടനപ്രകാരമാണു പള്ളികൾ ഭരിക്കപ്പെടേണ്ടതെന്നു വിധിയാകണമെന്നും കാതോലിക്കോസ് പക്ഷം നിവൃത്തി തേടിയിരുന്നു.

**രണ്ടാം സമുദായക്കേസ്: എന്തു വിധിച്ചു?**

കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചും (യു. എൽ. ഭട്ട്, കെ. പി. ബാലനാരായണമാരാർ) സുപ്രീംകോടതിയും 1934-ലെ സഭാഭരണഘടനപ്രകാരമാണു മെത്രാന്മാർ വാഴിക്കപ്പെടേണ്ടതെന്നും പാത്രിയർക്കീസിന്റെ അധികാരങ്ങളെല്ലാം 1934-ലെ ഭരണഘടനയ്ക്കു വിധേയമാണെന്നും അസന്ദിഗ്ദ്ധമായി വിധിച്ചു. പാത്രിയർക്കീസ് സഭാഭരണഘടന അംഗീകരിച്ചതാണെന്നും കോടതികൾ കണ്ടെത്തി. ഈ ഭരണഘടന ഇടവകപ്പള്ളികാര്യങ്ങളെ നിയന്ത്രിക്കുന്നതാണെന്നും പ്രാബല്യത്തോടെ നിലനിൽക്കുമെന്നും സുപ്രീംകോടതി പ്രഖ്യാപിച്ചു.



**മലങ്കരസഭാ സ്വാതന്ത്ര്യ സംരക്ഷകനായ**
**പ. വട്ടശ്ശേരിൽ തിരുമേനി**

1990-ലെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചു വിധിയിൽ താഴെപറയുന്ന പ്രകാരം രേഖപ്പെടുത്തി.

"4. ഒന്നു മുതൽ മൂന്നു വരെ പ്രതികൾ (മൂന്നാം പ്രതി പാത്രിയർക്കീസ് വിഭാഗം ശ്രേഷ്ഠ കാതോലിക്കായാണ്) മലങ്കരസഭയ്ക്കുവേണ്ടി പട്ടക്കാരെയും ശെമ്മാശന്മാരെയും വാഴിക്കുവാൻ യോഗ്യരല്ലെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.

5. ഒന്നു മുതൽ മൂന്നു വരെ പ്രതികൾ മലങ്കരസഭയിലെ നിയമാനുസൃതം വാഴിക്കപ്പെട്ട മെത്രാപ്പോലീത്താമാരല്ലെന്നും നാലു മുതൽ എട്ടു വരെ പ്രതികൾ മലങ്കരസഭയിലെ നിയമാനുസൃതം വാഴിക്കപ്പെട്ട പട്ടക്കാരോ ശെമ്മാശന്മാരോ അല്ലെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.

6. മലങ്കരസഭാ ഭരണഘടനയിലെ വ്യവസ്ഥകൾപ്രകാരം നിയമാനുസൃതം വാഴിക്കപ്പെടുകയും നിയമിക്കപ്പെടുകയും ചെയ്യാതെ ഒരു മെത്രാപ്പോലീത്തായ്ക്കും, പട്ടക്കാരനും, ശെമ്മാശനും മലങ്കരസഭയിലെ ഒരു പള്ളിയിലും അതിന്റെ സ്ഥാപനത്തിലും ശുശ്രൂഷ ചെയ്യുവാൻ സാധിക്കുന്നതല്ലെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.

7. രണ്ടാം വാദിയുടെ (കാതോലിക്കോസിന്റെ) യും അദ്ദേഹത്തിന്റെ കീഴിലുള്ള മറ്റു മെത്രാപ്പോലീത്താമാരുടെയും അധികാരം അംഗീകരിക്കുവാൻ വിസമ്മതിക്കുന്ന ഒരു വൈദികനും മലങ്കരസഭയിലെ ഒരു പള്ളിയിലും അതിന്റെ സ്ഥാപനത്തിലും ശുശ്രൂഷ ചെയ്യുവാൻ അവകാശമില്ലെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.

8. മലങ്കരസഭയിലേക്കോ അതിന്റെ സ്ഥാപനങ്ങളിലേക്കോ പട്ടക്കാരെയോ ശെമ്മാശന്മാരെയോ വാഴിക്കുന്നതിൽ നിന്നും മറ്റ് ശുശ്രൂഷകൾ, കർമ്മങ്ങൾ തുടങ്ങിയവ നടത്തുന്നതിൽ നിന്നും ഒന്നു മുതൽ മൂന്നു വരെ പ്രതികളെ ഇതിനാൽ ശാശ്വത നിരോധന ഉത്തരവു മൂലം നിരോധിക്കുന്നു.

9. മലങ്കരസഭയിലെ ഏതെങ്കിലും പള്ളിയിലോ മലങ്കരസഭയ്ക്കുവേണ്ടിയോ അതിന്റെ ഭാഗമായ പള്ളികളിലോ സ്ഥാപനങ്ങളിലോ ഏതെങ്കിലും വിധത്തിലുള്ള മതപരമായ ശുശ്രൂഷയോ കർമ്മമോ നടത്തുന്നതിൽ നിന്നും നാലു മുതൽ പതിനേഴു വരെ പ്രതികളെ ശാശ്വതനിരോധന ഉത്തരവു മൂലം ഇതിനാൽ നിരോധിക്കുന്നു.

10. മലങ്കരസഭയിലെ ഭരണകാര്യങ്ങളിൽ ഏതെങ്കിലും വിധത്തിൽ ഇടപെടുന്നതിൽ നിന്നും ഒന്നു മുതൽ പതിനേഴു വരെ പ്രതികളെ ഇതിനാൽ ശാശ്വതനിരോധന ഉത്തരവു മൂലം നിരോധിക്കുന്നു. 19-ാം പ്രതി ക്നാനായ സമുദായത്തെ സംബന്ധിച്ചിടത്തോളം ആ സമുദായത്തിന്റെയും ക്നാനായ മെത്രാപ്പോലീത്തായുടെയും ആത്മീയ മേലധികാരി കാതോലിക്കോസാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു."

**ഭൂരിപക്ഷ ന്യൂനപക്ഷവിധികൾ - അനുചിത പരാമർശം**

കേരള ഹൈക്കോടതി വിധിക്കെതിരെ സമർപ്പിച്ച അപ്പീലിൽ സുപ്രീംകോടതിയിൽ നിന്നു രണ്ടു വിധിന്യായങ്ങളുണ്ടായി. ഒന്ന്, എസ്. സി. സെന്നിനു വേണ്ടി കൂടി ബി. പി. ജീവൻറെഡ്ഡി എഴുതിയ വിധിന്യായം; മറ്റൊന്ന്, ആർ. എം. സഹായി തനിച്ചെഴുതിയ വിധിന്യായം.

കേരള ഹൈക്കോടതിവിധിയിലെ തീരുമാനങ്ങളിൽ ഇടപെടുന്നതിനു യാതൊരു കാരണവും കാണുന്നില്ലെന്നും പ്രസ്തുത തീരുമാനങ്ങൾ ഉറപ്പിച്ച് അപ്പീലുകൾ തീർച്ച ചെയ്യുന്നുവെന്നും ജസ്റ്റീസ് സഹായി രേഖപ്പെടുത്തി.

(ശേഷം രണ്ടാം പേജിൽ)

# സഭാതർക്കങ്ങൾ തീർന്നതിനാൽ ചർച്ചകൾ അപ്രസക്തം

### കെ. വി. മാമ്മൻ കോട്ടയ്ക്കൽ

കഴിഞ്ഞ നൂറ്റാണ്ടിൽ വട്ടിപ്പണക്കേസും സമുദായക്കേസും സഭാക്കേസും മറ്റും നടന്നതു പോലെ ഇപ്പോൾ മലങ്കരസഭയിൽ രണ്ടു കക്ഷികളും കക്ഷിവഴക്കുകളും ഇല്ല. 1958, 1995 വർഷങ്ങളിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധികളെ തുടർന്ന് മേലിൽ സമുദായക്കേസ് എന്നു പറഞ്ഞു സമുന്നത കോടതിയിൽ എത്താനും സാധ്യമല്ലല്ലോ.

ദീർഘകാലം രണ്ടു കക്ഷികളും അവരവരുടെ മലങ്കര മെത്രാപ്പോലീത്താമാരും തമ്മിൽ നടന്ന തർക്കവിതർക്കങ്ങളും കേസുകളും 1958 സെപ്തംബർ 12-ലെ സുപ്രീംകോടതി വിധി മൂലം അവസാനിച്ചു. സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിനു ഒരു പ്രത്യേക സാഹചര്യത്തിൽ നേരത്തെ മലങ്കരയിൽ ലഭിച്ച ആധ്യാത്മിക അധികാരം പോലും 1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ച നിമിഷത്തിൽ അപ്രത്യക്ഷമായ ബിന്ദുവിൽ എത്തി എന്നും 1934-ൽ മലങ്കരസഭ അംഗീകരിച്ച എ. അക്കം ഭരണഘടന എല്ലാവർക്കും ബാധകമാണെന്നും പ. ഗീവറുഗീസ് രണ്ടാമൻ ബാവായാണ് യഥാർത്ഥ മലങ്കരമെത്രാപ്പോലീത്താ എന്നും ആയിരുന്നു 1958-ലെ സുപ്രീംകോടതി വിധിയുടെ രത്നച്ചുരുക്കം. അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ ഈ സുപ്രധാനവിധി പുനപ്പരിശോധിക്കണമെന്ന പാത്രിയർക്കീസ് കക്ഷിയുടെ ഹർജിയും ഭരണഘടനാ ബഞ്ച് തള്ളി.

മലങ്കരയിലെ "പട്ടമില്ലാത്ത" കാതോലിക്കായെ അംഗീകരിക്കാത്ത എതിർഭാഗത്തെ മെത്രാന്മാർക്കു ഭദ്രാസനവും, അരമനയും സ്ഥാനവും അധികാരവും സുപ്രീംകോടതി വിധി മൂലം നഷ്ടപ്പെട്ടതിനാൽ ഗതികെട്ട സിറിയൻ ഓർത്തഡോക്സ് സഭാധ്യക്ഷനായ യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് പരസ്പര സ്വീകരണത്തിലൂടെ മലങ്കരസഭയിൽ 1958 ഡിസംബർ 16-നു യോജിപ്പുണ്ടാക്കി എന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. തുടർന്നു നടപ്പിൽ വന്ന ഈ യോജിപ്പിന്റെ അടിസ്ഥാനത്തിൽ 1964 മെയ് 22-നു കോട്ടയം എം.ഡി. സെമിനാരിയിൽ വച്ചു ഔഗേൻ മാർ തീമോത്തിയോസിനെ യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ്, ഔഗേൻ പ്രഥമൻ എന്ന പേരിൽ മലങ്കരയിലെ എല്ലാവർക്കും സ്വീകാര്യനായ നാലാമത്തെ കാതോലിക്കായായി വാഴിച്ചു. മേലിൽ യാതൊരു ഭിന്നതയും സഭയിൽ ഉണ്ടാക്കരുതെന്നും ഉണ്ടാക്കുന്നവർ ലോത്തിന്റെ ഭാര്യയെപ്പോലെ ഉപ്പുതൂണാകുമെന്നും ബാവാ പറഞ്ഞു ഭിന്നതയ്ക്കു സുല്ലിട്ടു. പണ്ടു സമാധാനം ഉണ്ടാക്കാൻ മലങ്കരമെത്രാപ്പോലീത്തായും കാതോലിക്കായും സിറിയയിലേക്കു പോകുകയായിരുന്നു പതിവ്. അതിന്നു തിരിച്ചാണ്.

എന്നാൽ ഈ യോജിപ്പിൽ അധികാരം പോയ ചുരുക്കം ചിലർ അതൃപ്തരായി

(ശേഷം മൂന്നാം പേജിൽ)

# ഇരുസഭാവാദം സഭാഭരണഘടനാ വിരുദ്ധവും കോടതി അലക്ഷ്യവും...

(ഒന്നാം പേജിൽ നിന്നും)

ഇടവകപ്പള്ളികളെ ബന്ധിക്കുന്നതല്ല സുപ്രീംകോടതി വിധിയെന്നു പാത്രിയർക്കീസ് വിഭാഗം കോടതികളിലും വെളിയിലും തർക്കങ്ങളുന്നയിച്ചു. ബി. പി. ജീവൻ റെഡ്ഡിയുടെ വിധിന്യായത്തിൽ 'ഭരണഘടനയിൽ പറയുന്നതിനുപരിയായി ഇടവകപള്ളികളുടെ ലൗകിക കാര്യങ്ങളെപ്പറ്റിയുള്ള പ്രഖ്യാപനം, ഇടവകപ്പള്ളികൾ കക്ഷികളല്ലാത്തതിനാൽ വാദികൾക്കു നൽകുന്നില്ലാ'യെന്ന പരാമർശമാണു പാത്രിയർക്കീസ് വിഭാഗം ഉയർത്തിക്കാട്ടിയത്.

2013-ലെ കോലഞ്ചേരി പള്ളിയെ സംബന്ധിച്ച കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് (ജസ്റ്റീസ് സി. ആർ. രാമചന്ദ്രൻ നായർ, ജ. എ. വി. രാമകൃഷ്ണപിള്ള) വിധിയിൽ മേൽപറഞ്ഞ തർക്കങ്ങൾക്കു വിരാമമായി.

"വിധിന്യായത്തിൽ താഴെ പറയുന്നപ്രകാരം ഇടവകപ്പള്ളികളുടെ അവകാശങ്ങളെ ബന്ധിക്കുന്ന ഒരു പ്രഖ്യാപനം അവയുടെ അഭാവത്തിൽ നൽകുന്നതല്ല എന്ന സുപ്രീംകോടതിയുടെ 141-ാം ഖണ്ഡികയിലെ വിശദീകരണം, പള്ളികളുടെ സ്വത്തുക്കൾ കാതോലിക്കോസിലോ മെത്രാന്മാരിലോ നിക്ഷിപ്തമായിരിക്കുന്നുവോ എന്ന തർക്കം പരിഗണിച്ച സന്ദർഭത്തിൽ ഉണ്ടായതാണ്; ഇടവകപ്പള്ളികളുടെ സ്ഥിതി/ പദവി (സ്റ്റാറ്റസ്) പരിഗണിച്ച വേളയിലല്ല ഈ വിവാദം ഉയർന്നത്."

"(രണ്ടാം സമുദായക്കേസിലെന്നപോലെ) പള്ളികളുടെ സ്വത്തുക്കൾ ഇടവകാംഗങ്ങളിലോ മറ്റേതെങ്കിലും അധികാരസ്ഥാനത്തോ നിക്ഷിപ്തമാകുമോ എന്നതു സംബന്ധിച്ച നിവൃത്തി ഈ കേസിലും വാദികൾ ചോദിച്ചിട്ടില്ല. പള്ളികളുടെ ഭരണകാര്യങ്ങളും തെരഞ്ഞെടുപ്പും സംബന്ധിച്ച തർക്കങ്ങൾ മാത്രമാണ് ഈ കേസിലുള്ളത്."

ജസ്റ്റീസ് സഹായിയുടെ വിധിന്യായത്തിലെ താഴെപറയുന്ന ഭാഗം ഉദ്ധരിച്ചു ജസ്റ്റീസ് രാമചന്ദ്രൻ നായർ സുപ്രീംകോടതിയിൽ നിന്നുണ്ടായ രണ്ടു വിധിന്യായങ്ങളെ ഭൂരിപക്ഷ-ന്യൂനപക്ഷവിധികൾ എന്നു വേർതിരിക്കുന്നത് അനുചിതമാണെന്നു തീർപ്പു കൽപിച്ചു.

"എന്റെ സഹോദരൻ ജസ്റ്റീസ് ജീവൻ റെഡ്ഡി പ്രത്യേകം എഴുതിയ വിധിന്യായത്തിൽ, വ്യത്യസ്തമായ കാരണങ്ങളാണെങ്കിലും, 1912-ലെ കാതോലിക്കാ സ്ഥാപനം സാധുവാണെന്നും, 1934-ൽ രൂപംകൊടുത്ത ഭരണഘടന ബാധകമാണെന്നും, ഇതിനെ പാത്രിയർക്കീസ് വിഭാഗം ചോദ്യം ചെയ്യുവാൻ പാടില്ലെന്നും, തന്മൂലം ആത്മീയ കാര്യങ്ങളിൽപോലും, അന്ത്യോഖ്യാ പാത്രിയർക്കീസിന് സ്വയമായി യാതൊന്നും പ്രവർത്തിക്കുവാൻ സാധിക്കില്ലെന്നും ഉള്ള കാര്യങ്ങളിൽ യോജിക്കുന്നു. കാതോലിക്കായുടെ മുടക്ക് അസാധുവായിരുന്നെന്നും, മലങ്കരസഭ 1934-ലെ ഭരണഘടനയിൽ പ്രഖ്യാപിക്കുന്നത്ര എപ്പിസ്കോപ്പൽ സ്വഭാവമുള്ളതാണെന്നും, ഇത് ഇടവകപ്പള്ളിക്കാര്യങ്ങളേയും ഭരിക്കുന്നു എന്നുമുള്ള കാര്യങ്ങളിലും അദ്ദേഹം യോജിക്കുന്നു. പാത്രിയർക്കീസ് വിഭാഗം ഫയൽ ചെയ്ത കാനോൻ ആധികാരികമാണോ എന്ന് പിന്നീടുള്ള സംഭവ വികാസങ്ങളുടെ വെളിച്ചത്തിൽ തീരുമാനിക്കേണ്ട ആവശ്യമില്ലെന്ന അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ ഹൂദായ കാനോനെപ്പറ്റി അദ്ദേഹം തീരുമാനം കൈക്കൊണ്ടിട്ടില്ല.

യഥാർത്ഥത്തിൽ എന്റെ വിധിന്യായത്തിൽ എത്തിച്ചേർന്ന എല്ലാ നിഗമനങ്ങളോടും അദ്ദേഹം യോജിച്ചിട്ടുണ്ട്. നേരിയ വ്യത്യാസമുണ്ടായിട്ടുള്ളത്, ഒരു മതസംഘടന രൂപംകൊടുത്ത ഭരണഘടനയ്ക്ക് ഭേദഗതി നിർദ്ദേശിക്കുവാനും അപ്രകാരമുള്ള ഭേദഗതി തൃപ്തികരമാണോ എന്നു വിലയിരുത്തുവാനുമുള്ള കോടതിയുടെ അധികാരം സംബന്ധിച്ചാണ്. എന്നിരുന്നാലും, അദ്ദേഹം ഇക്കാര്യത്തിൽ നൽകിയിട്ടുള്ള നിർദ്ദേശം കേസുകളിലെ അപ്പീലുകളുടെ ഫലത്തെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും വരുത്തുന്നില്ല."

തുടർന്ന് കോലഞ്ചേരി പള്ളിക്കേസിൽ കേരള ഹൈക്കോടതി താഴെ പറയുന്ന പ്രകാരം പ്രസ്താവിച്ചു:

"മേൽപറഞ്ഞ (ജസ്റ്റീസ് സഹായിയുടെ) നിരീക്ഷണങ്ങൾ വാല്യങ്ങൾ സംസാരിക്കുന്നതാണ്. ... ഈ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ഞങ്ങൾ മറ്റൊരു വ്യാഖ്യാന പ്രക്രിയയിലേക്കും കടക്കേണ്ട കാര്യമില്ല. ഇതു സംബന്ധിച്ച പാത്രിയർക്കീസ് ഭാഗം വാദങ്ങൾ തിരസ്കരിക്കുന്നു."

**സഭാഭരണഘടനയുടെ മേധാവിത്വം**

മലങ്കരസഭയിൽ ഏതൊരു സ്ഥാനം വഹിക്കുന്ന ഏതൊരു വ്യക്തിയും 1934-ലെ ഭരണഘടന സത്യംചെയ്തു സ്വീകരിച്ചിരിക്കണമെന്നു സുപ്രീംകോടതി ഉത്തരവാകുകയും ഇത് ഡിക്രിയുടെ ഭാഗമായി ചേർക്കുകയും ചെയ്തു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 1998-ലെ പിറവം പള്ളി തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യേണ്ട ഇടവകാംഗങ്ങൾ റിസീവറുടെ മുമ്പാകെ, ഭരണഘടന സ്വീകരിക്കുന്നതായി സത്യവാങ്മൂലം ഫയൽ ചെയ്യുവാൻ നിർദ്ദേശിച്ചു.

**സഭാഭരണഘടനയിൽ പാത്രിയർക്കീസിന്റെ സ്ഥാനം**

ലൗകിക അധികാരങ്ങളില്ലാത്ത ആത്മീയ തലവൻ മാത്രമാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന് മാർത്തോമ്മാക്കാരുമായുണ്ടായ സെമിനാരി, ആർത്താറ്റ് കേസുകളിൽ തിരുവിതാംകൂർ ഹൈക്കോടതിയും കൊച്ചി റോയൽ കോടതിയും വിധിച്ചു. കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനം മൂലം ഊർജ്ജിതമായ അധികാരങ്ങൾ പാത്രിയർക്കീസിനില്ലെന്ന പ. വട്ടശ്ശേരിൽ തിരുമേനിയുടെ നിലപാട് വട്ടിപ്പണക്കേസിന്റെ അന്തിമതീർപ്പിൽ തിരുവിതാംകൂർ ഹൈക്കോടതി അംഗീകരിച്ചു.

മുളന്തുരുത്തി സുന്നഹദോസ് മുതൽ എങ്കിലും മലങ്കരസഭ ആത്മീയ മേലദ്ധ്യക്ഷനായി പാത്രിയർക്കീസിനെ അംഗീകരിച്ചിരുന്നതിനാലും തിഗ്രീസിലെ കാതോലിക്കേറ്റാണു മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെട്ടതെന്നതിനാലും പാത്രിയർക്കീസും കാതോലിക്കായും തമ്മിലുള്ള കാനോനികമായ സംസർഗ്ഗബന്ധം ഭരണഘടനയിൽ പ്രതിഫലിക്കേണ്ടത് അനിവാര്യമായിരുന്നു.

സഭാഭരണഘടനയിൽ പാത്രിയർക്കീസിനുള്ള സ്ഥാനം 101, 114, 118 വകുപ്പുകളിൽ നിന്നു വ്യക്തമാണ്; കാതോലിക്കായുടെ സഹകരണത്തോടുകൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മാത്രമേ മലങ്കരസഭ അംഗീകരിക്കേണ്ടതുള്ളു; കാതോലിക്കായെ വാഴിക്കുന്ന അവസരത്തിലും കാതോലിക്കായ്ക്കെതിരെ പരാതിയുണ്ടാകുമ്പോഴും മാത്രമാണു പാത്രിയർക്കീസിനു മലങ്കരയിൽ ഔദ്യോഗികമായി സന്ദർശനത്തിന് അവസരമുണ്ടാകുന്നത്. അതാവട്ടെ, മലങ്കരയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ മാത്രവും.

മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കോസാണെന്നും മലങ്കരയുടെ ലൗകികവും ആത്മീയവും വൈദികവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം മലങ്കരമെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണെന്നും ഭരണഘടനയുടെ ഒന്നും 94-ഉം വകുപ്പുകൾ വ്യക്തമാക്കുന്നു.

പാത്രിയർക്കീസിനെ നിരാകരിച്ച് രൂപംകൊടുത്ത 1934-ലെ ഭരണഘടന സാധുവല്ലെന്നായിരുന്നു ഒന്നാം സമുദായക്കേസിലെ പാത്രിയർക്കീസ് വിഭാഗം തർക്കം. 1958-ലെ സുപ്രീംകോടതിവിധിയിൽ പാത്രിയർക്കീസിന്റെ അധികാരങ്ങൾ അസ്തമനാവസ്ഥയിലേക്കു ക്ഷയിച്ചു എന്നാണു വട്ടിപ്പണക്കേസിലെ അന്തിമവിധിയുടെ സാരാംശമെന്നു സുപ്രീംകോടതി കണ്ടെത്തി.

1958-ലെ സുപ്രീംകോടതി വിധിക്കു ശേഷമുള്ള സഭായോജിപ്പിൽ കാതോലിക്കോസ് പാത്രിയർക്കീസിനെ സ്വീകരിച്ചതു സഭാഭരണഘടനയ്ക്കു വിധേയമായിട്ടായിരുന്നു. രണ്ടാം സമുദായക്കേസിൽ 1995-ലുണ്ടായ വിധിയിൽ 1934-ലെ ഭരണഘടനയുടെ സാധുത പാത്രിയർക്കീസ് അംഗീകരിച്ചുവെന്നും പാത്രിയർക്കീസിന്റെ ആത്മീയ ഔന്നത്യം 1934-ലെ ഭരണഘടനയിൽ പറയുന്നതു മാത്രമാണെന്നും സുപ്രീംകോടതി പ്രത്യേകം രേഖപ്പെടുത്തി.

സുപ്രീംകോടതി അംഗീകരിച്ചതായ കാനോനിൽ പറയുന്ന ആത്മീയ ഔന്നത്യം, കാതോലിക്കായും പാത്രിയർക്കീസും സന്നിഹിതരാവുമ്പോൾ ഒന്നാമനായി പേരു പ്രസ്താവിക്കണമെന്നും സ്ഥാനം ഒരുക്കണമെന്നും മാത്രമാണ്.

**പാത്രിയർക്കീസിന്റെ സന്ദർശനം - ഒരു വെല്ലുവിളി**

കോടതിവിധികളും സഭാഭരണഘടനയും സഭാചരിത്രവും അവഗണിച്ചാണു പാത്രിയർക്കീസ് 2015 ഫെബ്രുവരിയിൽ മലങ്കരയിൽ ആഗതനായത്.

1934-ലെ സഭാഭരണഘടന സത്യംചെയ്തു സ്വീകരിച്ചവർക്കു മാത്രമേ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ അവകാശമുണ്ടാകൂ എന്നു കേരളാ ഹൈക്കോടതി തീർപ്പു കൽപിച്ച പിറവം പള്ളിയിൽ മലങ്കര മെത്രാപ്പോലീത്തായുടെ അറിവുപോലുമില്ലാതെ പാത്രിയർക്കീസ് കയറിയതും വി. കുർബ്ബാന അർപ്പിച്ചതും തികച്ചും തെറ്റാണ്. മലങ്കരസഭയിലെ പള്ളികളിലോ സ്ഥാപനങ്ങളിലോ മതപരമായ ശുശ്രൂഷയോ കർമ്മമോ നടത്തുന്നതിൽ നിന്നു പോലും ശാശ്വതമായി നിരോധിക്കപ്പെട്ടിട്ടുള്ള ശ്രേഷ്ഠകാതോലിക്കായോടൊപ്പം പങ്കെടുത്തു എന്നതു ഇന്ത്യയിലെ നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയായി മാത്രമേ കാണാൻ കഴിയൂ.

കേരള സർക്കാർ ഇതിനു പിന്തുണ നൽകിയിട്ടുണ്ടെങ്കിൽ അത് അധാർമ്മികവുമാണ്. ഇന്ത്യയുടെ പരമോന്നത കോടതി സഭയ്ക്കാകെ ബാധകമെന്ന് അംഗീകരിച്ചുറപ്പിച്ച 1934-ലെ സഭാഭരണഘടനയ്ക്കും സഭയുടെ വ്യവസ്ഥാപിത ഭരണവ്യവസ്ഥയ്ക്കും വെല്ലുവിളി ഉയർത്തുന്നതാണ് അപ്രേം പാത്രിയർക്കീസിന്റെ സമാധാന സമിതി രൂപീകരണം. പാത്രിയർക്കീസിനെന്തെങ്കിലും ആത്മാർത്ഥത ഇക്കാര്യത്തിൽ ഉണ്ടെങ്കിൽ മലങ്കരസഭയുടെ കാതോലിക്കായുമായി സംഭാഷണം നടത്തി അനുരഞ്ജനത്തിന്റെ പാത തുറക്കുകയായിരുന്നു വേണ്ടിയിരുന്നത്. മലങ്കരയിൽ വന്നിട്ടുള്ള മുൻ അന്ത്യോഖ്യാ പാത്രിയർക്കീസുമാർ എന്തു ലക്ഷ്യമിട്ടിരുന്നുവോ അതേ ലക്ഷ്യം മുൻനിറുത്തിയാണ് അപ്രേം പാത്രിയർക്കീസും മലങ്കരയിൽ എത്തിയത് എന്നുള്ളതിൽ സംശയമില്ല. മലങ്കരസഭാംഗങ്ങളിൽ ഭിന്നത നിലനിർത്തുന്നതാണു തങ്ങളുടെ ലക്ഷ്യപൂർത്തിക്കാവശ്യമെന്നു കരുതുന്നതിനാലാണ് അദ്ദേഹം കാതോലിക്കായെ സന്ദർശിക്കാതിരുന്നതെന്നും സമാധാന സമിതിയിലൂടെ ലക്ഷ്യമിടുന്നതെന്നും അവിതർക്കിതമാണ്.

*(ലേഖകൻ: സഭാക്കേസിൽ 1995-ൽ സുപ്രീംകോടതിയിൽ കാതോലിക്കാ ഭാഗത്തേക്കു ഹാജരായ അഭിഭാഷകരിൽ ഒരാളായ സജി കൊടുവത്ത് കോട്ടയം കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നു.)*

**505 രൂപയുടെ പുസ്തകങ്ങൾ 350 രൂപയ്ക്ക്**

| | |
|---|---|
| 1. പ. വട്ടശ്ശേരിൽ തിരുമേനി | 175 രൂപ |
| 2. പ. ഔഗേൻ ബാവ | 80 രൂപ |
| 3. പ. ഗീവറുഗീസ് രണ്ടാമൻ ബാവ | 200 രൂപ |
| 4. നാംസ് (മിഷൻ ബോർഡ് പ്രവർത്തനം) | 50 രൂപ |

*ആവശ്യപ്പെടുക:*

**കെ. വി. മാമ്മൻ കോട്ടയ്ക്കൽ, ജനതാ റോഡ്, പി. ബി. 10, മാങ്ങാനം, കോട്ടയം 686018. ഫോൺ 0481-2578936**

# അന്തഛിദ്രം അലിഞ്ഞു

(പാത്രിയർക്കീസ് ബാവായുടെ സന്ദർശനം തന്നെ വേണ്ടെന്നായിരുന്നു ശ്രേഷ്ഠ കാതോലിക്കായുടെ അഭിപ്രായമെന്നും എന്നാൽ സന്ദർശനം മൂലം യാക്കോബായ വിഭാഗത്തിലെ അന്തഛിദ്രം അലിഞ്ഞുപോയെന്നും മാതൃഭൂമി റിപ്പോർട്ടു ചെയ്യുന്നു.)

**പാത്രിയർക്കീസിന്റെ സന്ദർശനം മൂലം അന്തഛിദ്രം അലിഞ്ഞു**

കൊച്ചി: പാത്രിയർക്കീസ് ബാവായുടെ സന്ദർശനം യാക്കോബായക്കാർക്കു പുത്തൻ ഉണർവായി. ഭാരതസന്ദർശനം കഴിഞ്ഞ് വ്യാഴാഴ്ച കാലത്ത് ഡൽഹിയിൽ നിന്നു അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ ലബനനിലേക്ക് മടങ്ങി. ബുധനാഴ്ച കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധിയേയും പ്രസിഡന്റ് പ്രണബ് മുഖർജിയേയും പാത്രിയർക്കീസ് ബാവ സന്ദർശിച്ചിരുന്നു. ചൊവ്വാഴ്ച പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും കൂടിക്കാഴ്ച നടത്തി. പ്രാദേശിക തലവനായ ശ്രേഷ്ഠകാതോലിക്കാ തോമസ് പ്രഥമനുമായുള്ള അഭിപ്രായഭിന്നതകൾ അലിഞ്ഞു പോയി എന്നാണ് സന്ദർശനം കൊണ്ടുള്ള മുഖ്യ നേട്ടം. പാത്രിയർക്കീസ് ബാവായുടെ സന്ദർശനം തന്നെ വേണ്ടെന്നായിരുന്നു ശ്രേഷ്ഠ കാതോലിക്കായുടെ ആദ്യ നിലപാട്. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയടക്കമുള്ളവരുടെ ഇടപെടലിനെ തുടർന്നാണ് ബാവായുടെ ഭാരതസന്ദർശനം യാഥാർത്ഥ്യമായത്. പാത്രിയർക്കീസ് ബാവാ, ഓർത്തഡോക്സ് പക്ഷത്തോട് അമിത അടുപ്പം പുലർത്തുന്നതായും തന്നെ എതിർക്കുന്ന ചിലരെ പ്രോത്സാഹിപ്പിക്കുന്നതായും ശ്രേഷ്ഠ കാതോലിക്കായ്ക്ക് പരിഭവമുണ്ടായിരുന്നു. കഴിഞ്ഞ ഏഴിന് പാത്രിയർക്കീസ് ബാവാ സന്ദർശനത്തിന് എത്തിയപ്പോഴും മാനസികമായ അടുപ്പക്കുറവ് ചിലയിടങ്ങളിൽ പ്രകടമായിരുന്നു.

(മാതൃഭൂമി, 19-2-2015)

# ചർച്ചകൾ അപ്രസക്തം...

(ഒന്നാം പേജിൽ നിന്നും)

നിലനിന്നിരുന്നു. ഇവർ കോടതി ചെലവിന്റെ കാലഹരണസമയം വരെ പത്തി മടക്കി ഒതുങ്ങി നിന്നു. പാത്രിയർക്കീസ് കക്ഷിയിലെ ദൈവഭയമുള്ള മിക്ക പ്രമുഖ വൈദികരും നേതാക്കളും മേലിൽ ഭിന്നിപ്പിനു കാരണം ഇല്ലെന്നു പറഞ്ഞു ഐക്യം നിലനിർത്തി. സഭ രണ്ടല്ല ഒന്നാണെന്നും വീണ്ടും ഉറപ്പാക്കി. ആചന്ദ്രതാരം കാതോലിക്കേറ്റിന്റെ കീഴിൽ നിലകൊള്ളുമെന്നു പ്രസംഗിച്ചവരും എഴുതി കൊടുത്തവരും സ്ഥാനമാനങ്ങൾക്കും അധികാരത്തിനും വേണ്ടി 1970-ൽ വീണ്ടും ഭിന്നിപ്പുണ്ടാക്കി. സമാധാനം ഉണ്ടാക്കിയ പാത്രിയർക്കീസിനെ പല വിധത്തിൽ ഹേമിച്ചും സ്വാധീനിച്ചും തറ ടിക്കറ്റുകാരനെപ്പോലെ സമാധാന വിരുദ്ധനാക്കി. മലങ്കരസഭ അറിയാതെ യോഗ്യരല്ലാത്ത ചില വൈദികർ മെത്രാന്മാരുടെ വേഷം ധരിച്ചു മലങ്കരയിൽ എത്തി. ഇല്ലാത്ത ഭദ്രാസനഭരണവും സ്ഥാനമാനങ്ങളും സ്വയം ഏറ്റെടുത്തു. നേരത്തെ രണ്ടു കക്ഷികൾ ഉണ്ടായിരുന്ന ചില പള്ളികളിൽ വീണ്ടും തർക്കവും തല്ലും കേസും ഉണ്ടാക്കി. പല പള്ളികൾ പൂട്ടി. നിയമത്തിനു വില കൊടുക്കാതെ കൊല്ലും കൊലയും കയ്യേറ്റവും 'നിശാഹാര' സത്യഗ്രഹവും പള്ളികൈയേറ്റങ്ങളും അക്രമങ്ങളും നടത്തി. വടക്കുള്ള സ്വന്തക്കാരെ രക്ഷിക്കാനും വളർത്താനും മലങ്കര വറുഗീസിനെ വധിച്ചു.

ഇതിനിടയിൽ ഏതാനും നേതാക്കൾ പുത്തൻകുരിശു കേന്ദ്രമാക്കി ഒരു വിഘടിത ഫെലോഷിപ്പ് ഉണ്ടാക്കി. ഭരണഘടന എന്നു പറഞ്ഞ് ഒരു രേഖ ചമച്ചു. പ്രത്യേക സമരവും ഭരണവും ആരംഭിച്ചു. മലങ്കരസഭയാൽ തിരസ്കരിക്കപ്പെട്ടവർ ലക്ഷങ്ങളും കുടുംബസ്വത്തും നൽകി മെത്രാൻ വേഷമായ പൊന്മാൻ നേടി. വൻ തുക കൊടുത്തപ്പോൾ ചിലർക്കു കാശിനു വിലയില്ലാത്ത കമാണ്ടർ, ഷെവലിയർ സ്ഥാനം കിട്ടി. ഇതെല്ലാം ആയിട്ടും പണ്ടത്തെപ്പോലെ ഒരു കക്ഷി ഉണ്ടാക്കാനും സഭയുടെ സ്വത്തുക്കൾ ഭാഗിക്കണമെന്നാവശ്യപ്പെട്ടു പരമോന്നത കോടതിയെ സമീപിക്കാനും വിഘടിത വിഭാഗത്തിനു കഴിയുന്നില്ല. വടക്കുള്ള ഇരുപതോളം പള്ളികളിൽ സൃഷ്ടിച്ചിരിക്കുന്ന പള്ളി-സെമിത്തേരി തർക്കങ്ങൾ പുതിയ പാത്രിയർക്കീസ് പറയും പ്രകാരം പ്രാദേശിക അടിസ്ഥാനത്തിൽ തീർക്കാവുന്നതേയുള്ളു. ഇതു സഭാ തർക്കമല്ല. തന്നിമിത്തം അനുരഞ്ജന ചർച്ചകൾക്കു സ്ഥാനവും പ്രസക്തിയും ഇല്ല. ശ്രീനാരായണ സന്ദേശം പൂശാത്ത നടേശ ഗുരുവിനെ പോലെയുള്ളവരുടെ മദ്ധ്യസ്ഥതയും വേണ്ട.

നിർഭാഗ്യമെന്നു പറയട്ടെ. 2013-ൽ സിറിയയിൽ ഉണ്ടായ തീവ്രവാദി ആക്രമണങ്ങളെ തുടർന്ന് ദമാസ്കസിലെ പാത്രിയർക്കീസിന്റെ അരമനയും ആസ്ഥാനവും സഭാംഗങ്ങളും പ്രധാന പള്ളികളും പിഞ്ചുകുഞ്ഞുങ്ങളും എല്ലാം നാമാവശേഷമായി. സഖാ പാത്രിയർക്കീസ് ലബനനിൽ അഭയം തേടി. വാർദ്ധക്യസഹജമായ അസുഖം മൂലം അദ്ദേഹം എവിടെയാണെന്നറിയാതെ ബേയ്റൂട്ടിൽ കിടന്ന് കാലം ചെയ്തു. പുതിയ പാത്രിയർക്കീസിന് ഇന്ന് സിറിയയിലും തുർക്കിയിലും കാലുകുത്താൻ സാധ്യമല്ല. അദ്ദേഹം അമേരിക്കയിലും ലബനിലും ആയി ജീവിക്കുന്നു. അദ്ദേഹം ഇപ്പോൾ ലബനനിലെ അഭയാർത്ഥികളായ ഏതാനും സഭാംഗങ്ങളുടെ പരമാദ്ധ്യക്ഷനാണ്. അവരുടെ സംരക്ഷണാർത്ഥം കേരളത്തിലെ വിഘടിത വിഭാഗത്തിൽ നിന്നു ധനം ശേഖരിക്കാൻ എത്തിയ അപ്രേം പാത്രിയർക്കീസിന്റെ സന്ദർശനം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വലിയ വിജയമായിരുന്നു. രണ്ടാഴ്ചത്തെ താമസത്തിനിടയിൽ കേരളീയർക്കു എട്ടു പത്തു കോടിയിൽപരം രൂപ ആതിഥ്യത്തിനു വേണ്ടി ചെലവഴിക്കേണ്ടി വന്നു. അഗതികളെ സംരക്ഷിക്കുന്നതിനു വേണ്ടി സമ്പന്നരായ ആദ്യകാല സഭകൾ മറ്റു സഭകൾക്കു വേണ്ടി ദ്രവ്യശേഖരണം നടത്തിയിരുന്നല്ലോ. പാത്രിയർക്കീസ് ഇത്തവണ കേരളത്തിൽ വന്നത് എന്തിനാണെന്നു വിസാ പരിശോധിച്ചാലേ മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

# ആനപ്പാപ്പിയുടെ സ്മാരകം കോട്ടയത്തു വേണം

**എ. കെ. ജോസഫ്**

(സഭാ മാനേജിംഗ് കമ്മറ്റി അംഗം)



മലങ്കരസഭയുടെ തറവാടായ പഴയസെമിനാരിയുടെയും മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പ. വട്ടശ്ശേരിൽ തിരുമേനിയുടെയും സംരക്ഷണത്തിനായി നിലകൊണ്ട് രക്തസാക്ഷിത്വ മരണം വരിച്ച ആനപ്പാപ്പി എന്നു വിളിക്കുന്ന തിരുവല്ല പെരിങ്ങര ആറ്റുപുറത്ത് വർക്കി വർഗീസിന് പഴയസെമിനാരി വളപ്പിൽ ഉചിതമായ സ്മാരകം നിർമ്മിക്കണം.

പഴയസെമിനാരി പരിസരത്ത് നിലനിന്നിരുന്ന സംഘർഷഭരിതമായ സമയങ്ങളിൽ പുതുപ്പള്ളി, വാകത്താനം, കുറിച്ചി, മല്ലപ്പള്ളി, ചെങ്ങന്നൂർ, ആനിക്കാട്, മാവേലിക്കര, നിരണം, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള സന്നദ്ധ ഭടന്മാർ സെമിനാരിയുടെ സംരക്ഷണത്തിനായി സെമിനാരിയിൽ താമസിച്ചു വന്നിരുന്നു. ഇങ്ങനെ സെമിനാരിയിൽ വന്ന് താമസിച്ചിരുന്നവർക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖർ ആനപ്പാപ്പി എന്ന വർക്കി വർഗീസ്, തിരുവാങ്കാവൻ കൊച്ചൂഞ്ഞ്, കാരായ്മ കൊച്ചിട്ടി എന്നിവരായിരുന്നു.

അതിശക്തന്മാരും മല്ലന്മാരും ആയിരുന്ന ഇവരിൽ ഏറ്റവും പ്രമുഖൻ ആനപ്പാപ്പി ആയിരുന്നു. അക്കാലത്ത് ഗതാഗതമാർഗ്ഗം വഞ്ചിയാത്ര ആയിരുന്നു. സെമിനാരിയുടെ പുറകിൽ മീനച്ചിലാറിന്റെ തീരത്ത് വഞ്ചി അടുപ്പിക്കുന്നതിനും കയറ്റ് ഇറക്ക് നടത്തുന്നതിനും പ്രത്യേകം കടവ് ക്രമീകരിച്ചിരുന്നു. ആറ്റിൽ കൂടി വരുന്ന അക്രമികളെ നേരിടുന്നതിനായി മീനച്ചിലാറിന്റെ തീരത്ത് സഭാസ്നേഹികളായവർ ക്യാമ്പ് ചെയ്യുക പതിവായിരുന്നു.

സെമിനാരി സംരക്ഷണത്തോടൊപ്പം ആനപ്പാപ്പിക്ക് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ അംഗരക്ഷകന്റെ ചുമതല കൂടി ഉണ്ടായിരുന്നു. ആനപ്പാപ്പി ജീവിച്ചിരിക്കുന്നിടത്തോളം കാലം പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ അടുത്ത് ചെല്ലുന്നതിന് സാധിക്കില്ലായെന്ന് ശത്രുപക്ഷത്തിന് അറിയാമായിരുന്നു. ഈ ബോധ്യത്തിൽ നിന്നാണ് ആനപ്പാപ്പിയെ വധിക്കുക എന്ന തീരുമാനത്തിൽ അവർ എത്തിച്ചേർന്നത്.

1087-ാമാണ്ട് മീനമാസം 18-ാം തീയതിയാണ് പഴയസെമിനാരി വളപ്പിൽ മീനച്ചിലാറിന്റെ തീരത്തു വച്ച് ആനപ്പാപ്പി എന്ന സഭാസ്നേഹിയെ അക്രമികൾ വധിക്കുവാൻ ശ്രമിക്കുന്നത്. വൈകുന്നേരം 6 മണിയോടു കൂടി സെമിനാരിയിൽ പ്രാർത്ഥന നടക്കുന്ന സമയം എല്ലാവരും പ്രാർത്ഥനയ്ക്കായി ചാപ്പലിൽ നിൽക്കുന്നു. മീനച്ചിലാറ്റിലൂടെ വരാൻ സാധ്യതയുള്ള ശത്രുക്കളെ വീക്ഷിച്ചുകൊണ്ട് ഏകനായി നിന്ന ആനപ്പാപ്പിയെ ഒരു സംഘം വടി, ഉലക്ക, വടിവാൾ മുതലായ ആയുധങ്ങൾ ഉപയോഗിച്ച് അടിച്ചും ഇടിച്ചും കുത്തിയും വീഴ്ത്തി. ഒറ്റയ്ക്കോ ചെറിയ കൂട്ടം ആളുകൾക്കോ കീഴടക്കാൻ സാധിക്കാത്ത വിധത്തിലുള്ള ആരോഗ്യവാനായിരുന്നു ആനപ്പാപ്പി. അതുകൊണ്ടാണ് 18 ഓളം ആളുകൾ ചേർന്ന് ആക്രമിച്ചത്. ആദ്യം ശക്തമായി എതിർത്ത് നിൽക്കുകയും പിന്നീട് ഓടിരക്ഷപ്പെടുവാൻ ശ്രമിക്കുകയും ചെയ്ത ആനപ്പാപ്പിയുടെ കുതികാലിൽ വടിവാൾ കൊണ്ട് കുത്തി വീഴ്ത്തിയതിന് ശേഷം വെട്ടി കൊല്ലുകയായിരുന്നു.

വിവരം അറിഞ്ഞ് പഴയസെമിനാരിയിൽ നിന്ന് ആളുകൾ ചെല്ലുമ്പോൾ അക്രമികൾ കടന്നു കഴിഞ്ഞിരുന്നു. രക്തം വാർന്ന് ഒഴുകിക്കൊണ്ടിരുന്ന ആനപ്പാപ്പിയെ ഉടനെതന്നെ കോട്ടയം ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും പിറ്റേദിവസം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. മൃതശരീര പരിശോധനയിൽ തലയോട്ടി പതിമൂന്ന് കഷണങ്ങൾ ആയി പൊട്ടിയിരുന്നതായും രണ്ട് ഭാഗത്ത് തലച്ചോർ പുറത്ത് ചാടിയിരുന്നതായും കാണപ്പെട്ടു. മൃതശരീരം പോസ്റ്റ്മാർട്ടത്തിനു ശേഷം കോട്ടയം ചെറിയപള്ളിയുടെ പുത്തൻപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

'കോട്ടയം കൊലക്കേസ്' എന്നറിയപ്പെട്ട ഈ കേസിൽ പതിനേഴ് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തു. 11 പേരെ മജിസ്ട്രേറ്റ് കോടതിയിൽ നിന്ന് സെഷൻസ് കോടതിയിലേക്ക് അയച്ചു. ഇവർക്ക് എല്ലാം 1088 കന്നി മാസം 26-ാം തീയതി ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ച ഇവരിൽ മൂന്നും രണ്ടും പ്രതികളുടെ ശിക്ഷ കോടതി സ്ഥിരീകരിച്ചു.

ഇന്നത്തെ കാലത്ത് ക്വട്ടേഷൻ സംഘം എന്നു വിളിക്കാവുന്ന ഇത്തരം അക്രമിസംഘത്തെ കൊണ്ട് ഈ കിരാതകൃത്യം ചെയ്യിച്ചവർ ആരെന്ന ചോദ്യത്തിനുള്ള ഉത്തരം കാലം തെളിയിച്ചു.

ഈ കൊലപാതകത്തിലെ പ്രതികൾക്കൊന്നും വ്യക്തിപരമായി ആനപ്പാപ്പിയോട് വിരോധം ഇല്ലായിരുന്നു. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ അംഗരക്ഷകൻ അല്ലെങ്കിൽ പ. സഭയുടെ ആസ്ഥാനം കാക്കുന്നവൻ എന്ന കുറ്റമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. മീനച്ചിലാറിന്റെ തീരത്തെ മണ്ണിൽ പഴയസെമിനാരിയുടെ സ്ഥലത്ത് തന്റെ രക്തം ചൊരിഞ്ഞ് മരിച്ച ആനപ്പാപ്പി സഭയുടെ ധീരരക്തസാക്ഷിയാണ്.

മലങ്കരസഭയുടെ ആസ്ഥാനമായ പഴയസെമിനാരിയെയും മലങ്കരമെത്രാപ്പോലീത്തായേയും സംരക്ഷിക്കുവാൻ ജീവൻ ത്യജിച്ച ആനപ്പാപ്പിയെന്ന വർക്കി വർഗീസിനെ സ്മരിക്കുന്ന ഒരു ഫലകമെങ്കിലും സെമിനാരി വളപ്പിലോ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പുത്തൻപള്ളിയുടെ സെമിത്തേരിയിലോ സ്ഥാപിക്കേണ്ടത് സഭയുടെ ഒഴിച്ചുകൂടാനാവാത്ത ചുമതലയാണ്.

# അവൈദിക നേതൃത്വം അറ്റുപോകുന്നു

**കെ. എം. വർഗീസ് തുമ്പമൺ**

മലങ്കരസഭയിലെ ഇന്നത്തെ അവൈദിക നേതാക്കന്മാർ ആരാണെന്നു ചോദിച്ചാൽ ആരും തന്നെ ഇല്ല എന്ന ഉത്തരമായിരിക്കും ലഭിക്കുക. സഭയുടെ കഴിഞ്ഞ നൂറ്റാണ്ടിലെ ചരിത്രം നോക്കിയാൽ സഭയെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരും സഭയ്ക്കുവേണ്ടി എന്തു ത്യാഗം ചെയ്യാനും തയ്യാറുള്ളവരുമായ സമുന്നത നേതാക്കന്മാർ കാതോലിക്കായെ ചന്ദ്രനു ചുറ്റും നക്ഷത്രങ്ങളെപ്പോലെ നിലകൊണ്ടും, സേവനം ചെയ്തുകൊണ്ടും പ്രശോഭിച്ചിരുന്നു. കെ. സി. മാമ്മൻമാപ്പിള, ഇ. ജെ. ജോൺ, എം. എ. ചാക്കോ, ഒ. എം. ചെറിയാൻ, കെ. കെ. ലൂക്കോസ്, ഇ. ജെ. പീലിപ്പോസ് മുതലായവർക്കുശേഷം പണ്ഡിതന്മാരും ആദ്ധ്യാത്മിക രംഗങ്ങളിലും മറ്റു വിവിധ രംഗങ്ങളിലും പ്രശോഭിച്ചു നിന്നവരുമായ ഒരുപറ്റം രണ്ടാംനിര നേതാക്കന്മാർ സഭയെ ഏറെ ധന്യമാക്കി.

21-ാം നൂറ്റാണ്ടിൽ അവൈദിക നേതൃത്വം ഏതാണ്ട് അസ്തമിച്ചു. വിവിധ മേഖലകളിൽ ധന്യജീവിതം നയിച്ചു തിളങ്ങുന്നവർ ആരുംതന്നെ സഭാരംഗത്തേക്കു വരുന്നില്ല; അല്ലെങ്കിൽ ചിലർ കടന്നുവരാൻ അനുവദിക്കുന്നില്ല. അതുകൊണ്ടാണ് സഭയുടെ ചില സമുന്നത വേദികളിൽ മൂന്നാംതരക്കാർ കടന്നുകൂടുന്നത്.

മലങ്കരമെത്രാപ്പോലീത്തായ്ക്കു യഥാസമയം സ്ഥാനോചിതമായ സാരോപദേശങ്ങൾ നൽകാൻ ഇന്ന് അധികം പേരില്ല. സഭാകേസും നിയമങ്ങളും മറ്റും അറിയാവുന്ന ചില മികച്ച അഭിഭാഷകർ സഭയിൽ ഉണ്ടെങ്കിൽ തന്നെ അവർ ആരും കേന്ദ്രവുമായി ബന്ധത്തിലല്ല.

ഉന്നതതല രാഷ്ട്രീയത്തിലും സഭാംഗങ്ങൾ ഇല്ല. മുഖ്യമന്ത്രി ഓർത്തഡോക്സുകാരനാണെങ്കിലും അദ്ദേഹം എല്ലാവരുടെയും പൊതുമനുഷ്യനാകയാൽ വോട്ടു രാഷ്ട്രീയ പശ്ചാത്തലത്തിൽ ഓർത്തഡോക്സുകാരനെന്നു പറഞ്ഞ് ഊറ്റം കൊള്ളുന്നതിൽ കഴമ്പില്ല. നിയമസഭയിലും പാർലമെന്റിലും ഓർത്തഡോക്സുകാരില്ല. മറ്റു പല രംഗങ്ങളിലും മികച്ച മേധാശക്തിയുള്ള ചില പ്രഗത്ഭരെ ഇനിയും കണ്ടുപിടിക്കേണ്ടതുണ്ട്. അതുകൊണ്ടാണു തത്വദീക്ഷയില്ലാതെ എങ്ങനെയെങ്കിലും പണം ഉണ്ടാക്കുന്നവരും ബ്ലേഡുകമ്പനി നടത്തുന്നവരും കഴുത്തറുപ്പൻ പലിശ വാങ്ങുന്നവരും സഭയുടെ ഉന്നതപദവികളിൽ എത്തുന്നത്. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. സനാതനമായ സൽപ്പെരുമാറ്റവും, സംസ്കാരവും, വിനയനിർഭരമായ ആദ്ധ്യാത്മിക ജീവിതവുമുള്ളവരെയാണ് ഇന്നു സഭയ്ക്കാവശ്യം. നമ്മുടെ മലങ്കര അസോസിയേഷനിലും സഭാ മാനേജിംഗ് കമ്മിറ്റിയിലും മറ്റും നെല്ലിനോടൊപ്പം വളരെ കളകളും വളരുന്നുണ്ടെന്ന യാഥാർത്ഥ്യം കണ്ടില്ലെന്നു നടിക്കാനാവില്ല. ഇതൊരപകടകരമായ സ്ഥിതിവിശേഷമാണ്.

മെത്രാന്മാരുടെ സ്ഥലംമാറ്റ പ്രശ്നത്തെ തുടർന്ന് (ഇതൊരു പ്രശ്നം അല്ല) ചില തുമ്പില്ലാത്ത മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ പിന്നിൽനിന്നുകൊണ്ട് മലങ്കരമെത്രാപ്പോലീത്തായ്ക്കെതിരെ കേസു കൊടുപ്പിച്ച ലജ്ജാകരമായ സംഭവവും ഉണ്ടായി. നിയമിക്കാൻ അധികാരമുണ്ടെങ്കിൽ സ്ഥലംമാറ്റാനും മലങ്കരമെത്രാപ്പോലീത്തായ്ക്കധികാരമുണ്ട്. സ്ഥലംമാറ്റക്കാര്യമൊന്നും ഭരണഘടനയുടെ പരിഷ്കരിച്ച പതിപ്പിലും കാണുന്നില്ലല്ലോ.

രാവിലെ പത്രം നോക്കിയിട്ടു മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ?
നിരാശപ്പെടേണ്ട. നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ?

**മലങ്കര ഓർത്തഡോക്സ് ടിവി**

**കാഴ്ചയുടെയും കേൾവിയുടെയും അപൂർവ്വ അനുഭവം.**

**മലങ്കരസഭാ വാർത്തകൾ ഞൊടിയിടയിൽ**

സന്ദർശിക്കുക **www.malankaraorthodox.tv/**

## രക്തസാക്ഷിയായിത്തീർന്ന ആനപ്പാപ്പി: ചട്ടമ്പിയോ സഭാസ്നേഹിയോ?

മലങ്കരസഭാഭാസുരന്റെ ദേഹരക്ഷാർത്ഥം വന്നവരുടെ നേതാവും അദ്ധ്യാപകനും തികഞ്ഞ സഭാസ്നേഹിയുമായ ആനപ്പാപ്പി എന്ന വർക്കി വറുഗീസിന്റെ 1912-ലെ നിഷ്ഠൂരമായ വധവും സംഭവബഹുലമായ നീക്കങ്ങളും. ചരിത്രഗവേഷണങ്ങൾ എന്തു പറയുന്നു? സഭാചരിത്രം തിരിച്ചുവിട്ട കൊലപാതകം. ഘാതകരും വധം ആസൂത്രണം ചെയ്തവരും അനുഭവിച്ച നരകയാതനകളും.

ഗ്രന്ഥകർത്താക്കൾ: **അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ.**

ഏപ്രിൽ ആദ്യം പ്രകാശനം ചെയ്യുന്നു.

**വില 150 രൂപ (പ്രീ പബ്ലിക്കേഷൻ വില 100 രൂപ.
10 കോപ്പിക്കു 900 രൂപ. മാർച്ച് 31 വരെ).**

പണവും ചെക്കുകളും അയയ്ക്കേണ്ട വിലാസം: **കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, ജനതാ റോഡ്, മാങ്ങാനം, കോട്ടയം - 686018 ഫോൺ: 0481-2578936**

വിതരണം:

**ഓർത്തഡോക്സ് ബുക്ക് സെന്റർ,
എം.ഡി. കൊമേഴ്സ്യൽ സെന്റർ, കോട്ടയം**

**ഞങ്ങളുടെ എല്ലാ പുസ്തകങ്ങളും
എം. ഡി. കൊമേഴ്സ്യൽ സെന്ററിലുള്ള (കോട്ടയം-1)
ഓർത്തഡോക്സ്, ബുക്ക് സെന്ററിൽ ലഭിക്കും.**

**"ആനപ്പാപ്പി"യുടെ വില മുൻകൂർ നൽകി
പേരു രജിസ്റ്റർ ചെയ്യാം.**

# യാച്ചാരം ബാലഗ്രാം ഉച്ചത്തിലേക്ക്

ഹൈദരാബാദ്: അറുപതു വർഷം മുമ്പ് രൂപംകൊണ്ടതും 30 വർഷം മുമ്പ് സ്ഥാപിച്ചതുമായ യാച്ചാരം സെന്റ് ഗ്രിഗോറിയോസ് ബാലഭവന്റെ മുപ്പതാം വാർഷികം ഫെബ്രുവരി 22-നു കൊണ്ടാടി. പല മേല്പട്ടക്കാർക്കും സഭാംഗങ്ങളിൽ ഭൂരിപക്ഷത്തിനും മിഷൻ ബോർഡിന്റെ ഈ കൊടിക്കപ്പലിനെപ്പറ്റി വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും സഭാടിസ്ഥാനത്തിൽ ബാലഗ്രാമിന് ആവശ്യമായ കൈത്താങ്ങൽ നൽകാത്തതുകൊണ്ടും ബാലഗ്രാമിനു ക്ഷീണമൊന്നുമില്ല. കാരണം ലോകമെങ്ങുമുള്ള സഭാംഗങ്ങൾ ആരംഭം മുതൽ വേണ്ടത്ര പണം അയച്ചുകൊടുത്തുകൊണ്ട് സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, മിഷൻ ബോർഡ് ഡയറക്ടർ കെ. ഐ. ഫിലിപ്പ് റമ്പാൻ തുടങ്ങിയവരുടെ സഹായത്തോടെ ആരംഭിച്ചതും കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത ശതക്കണക്കിനു കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതുമായ ഒരു വൻ സേവനകേന്ദ്രമാണ് ഹൈദ്രാബാദിൽ നിന്നു 50 കിലോമീറ്റർ ദൂരെ യാച്ചാരം ഗ്രാമത്തിൽ 100 ഏക്കറിൽ വികസിച്ചുകൊണ്ടിരിക്കുന്ന ബാലഗ്രാം.

ബാലഗ്രാം ഇപ്പോൾ ആരംഭിച്ചിരിക്കുന്ന സി.ബി.എസ്.സി. സ്ക്കൂൾ വികസനാർത്ഥം ഒരു കോടി രൂപാ (രണ്ടാം നിലയ്ക്ക്) ശേഖരിക്കാനും തീരുമാനിച്ചു.

വാർഷികത്തിൽ അദ്ധ്യക്ഷത വഹിച്ച ബോംബെ ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ കൂറിലോസ് യാച്ചാരത്തിന്റെ മഹത്തായ സേവന മാതൃകയെ മുക്തകണ്ഠം പ്രശംസിച്ചു. ഫാ. ഒ. തോമസ് സ്നേഹത്തിന്റെ പ്രവാചകനായിരുന്ന ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് സ്മാരക പ്രഭാഷണം നടത്തി. കെ. ഐ. ഫിലിപ്പ് റമ്പാൻ, പ്രൊഫ. കെ. സി. ജോർജ്, കെ. സി. ഈപ്പൻ കണ്ടത്തിൽ, സ്ഥലത്തെ എം.എൽ.എ. മുതലായവർ പ്രസംഗിച്ചു. നവതിയിലെത്തിയിരിക്കുന്ന മുൻ ട്രഷറർ ജോൺ വറുഗീസിനെ യോഗം ആദരിച്ചു.

യാച്ചാരത്തിന്റെ പ്രാരംഭ പ്രവർത്തകരായ കെ. ഐ. ഐസക്, തൊമ്മി ചെറിയാൻ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്ത ആയിരത്തിൽപരം പേർക്കു രുചികരമായ പ്രഭാതഭക്ഷണം നൽകി. ഹൈദ്രാബാദ് സെന്റ് ജോർജ് ഇടവക എല്ലാവർക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും നൽകി.

## കോട്ടയ്ക്കൽ പബ്ളിഷേഴ്സ്

**ജനതാ റോഡ്, മാങ്ങാനം, കോട്ടയം-686018 ഫോൺ: 0481-2578936**

**സഭാചരിത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന പ്രമുഖ സ്ഥാപനം**

### സഭാചരിത്ര – ജീവചരിത്ര ഗ്രന്ഥങ്ങൾ

| | | |
|---|---|---|
| 1. | മലങ്കരസഭയുടെ സമുന്നത സാരഥികൾ (സചിത്ര സഭാചരിത്രം) | 700 രൂപ |
| 2. | സഭാകേസുകളുടെ സമഗ്ര സമാഹാരം | 600 |
| 3. | സഭാചരിത്ര വിജ്ഞാനകോശം | 500 |
| 4. | സമ്പൂർണ്ണ സഭാചരിത്രം എ.ഡി. 52-2014 | 500 |
| 5. | കണ്ടനാടു ഗ്രന്ഥവരി | 500 |
| 6. | പുത്തൻകാവു മാർ പീലക്സിനോസ് തിരുമേനി (ജീവചരിത്രം) | 200 |
| 7. | പ. വട്ടശ്ശേരിൽ തിരുമേനി (ജീവചരിത്രം) | 175 |
| 8. | പ. ഔഗേൻ ബാവാ (ജീവചരിത്രം) | 80 |
| 9. | പാറേട്ട് മാർ ഈവാനിയോസ് (ജീവചരിത്രം) | 80 |
| 10. | ചേപ്പാട്ടു മാർ ദീവന്നാസ്യോസ് (ജീവചരിത്രം) | 40 |
| 11. | എം. സി. കുറിയാക്കോസ് റമ്പാൻ (ജീവചരിത്രം) | 75 |
| 12. | പാമ്പാടി തിരുമേനി (ജീവചരിത്രം) | 75 |
| 13. | പാമ്പാടി പി. സി. യോഹന്നാൻ റമ്പാൻ (ജീവചരിത്രം) | 50 |
| 14. | ഫാ. എം. എം. ഏബ്രഹാം (ജീവചരിത്രം) | 75 |
| 15. | പഴയസെമിനാരി: മലങ്കരസഭയുടെ പവിത്രഹൃദയം | 75 |
| 16. | ഭുവിൽ വിടർന്ന ദേവലോകം | 100 |
| 17. | ഇലഞ്ഞിക്കൽ ജോൺ വക്കീൽ (ജീവചരിത്രം) | 100 |
| 18. | കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ (സണ്ടേസ്കൂൾ ചരിത്രം) | 100 |
| 19. | മണലിൽ അച്ചന്റെ സഭാസ്മരണകൾ | 100 |
| 20. | സഭാകവി സി. പി. ചാണ്ടി (ജീവചരിത്രം) | 50 |
| 21. | മലങ്കരസഭയിലെ കാതോലിക്കാമാർ | 175 |
| 22. | മലങ്കര സഭാപ്രശ്നം: ഉള്ളുകള്ളികൾ | 50 |
| 23. | കാതോലിക്കാ ബാവാമാരുടെ കാലടികളിൽ | 30 |
| 24. | പരിശുദ്ധ കന്യകമറിയം | 30 |
| 25. | ബഥനി ആശ്രമവും റീത്തു പ്രസ്ഥാനവും | 150 |
| 26. | തടാകത്തിലെ തപോധനൻ (ബിഷപ്പ് വാൽഷ്) | 50 |
| 27. | പരുമല മാർ ഗ്രീഗോറിയോസ് മഹാകാവ്യം | 60 |
| 28. | ഫീലിപ്പോസ് മാർ തെയോഫിലോസ് (ജീവചരിത്രം) | 100 |
| 29. | പി. എം. തോമസ് റമ്പാച്ചൻ: മിഷൻ ബോർഡിന്റെ പ്രഭാത നക്ഷത്രം | 150 |
| 30. | ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ ആത്മകഥ | 50 |
| 31. | തേന്മാവിന്റെ ആത്മകഥ (പുതുപ്പള്ളി നിലയ്ക്കൽ പള്ളിചരിത്രം) | 50 |
| 32. | കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം | 75 |
| 33. | നാംസ് | 50 |
| 34. | ഗീവറുഗീസ് രണ്ടാമൻ ബാവാ (ജീവചരിത്രം) | 200 |
| 35. | 1958-ലെ സുപ്രീംകോടതി വിധി | 90 |
| 36. | Indian Orthodox Church of St. Thomas | 400 |
| 37. | Acta Indica | 200 |
| 38. | Pathrose Mar Osthathios (A prophet like Revolutionary) | 100 |
| 39. | Philipose Mar Theophilus | 30 |
| 40. | The Saintly Shephered of Malankara Church (Kurichi Bava) | 200 |

**ആയിരം രൂപയിൽ കൂടുതൽ വിലയുള്ള പുസ്തകങ്ങൾ വാങ്ങുന്നവർക്ക് 25% കമ്മീഷൻ നൽകുന്നതാണ് (തപാൽ ചെലവു പുറമെ).**

Edited & Published by K. V. Mammen on behalf of Kottackal Publishers, Kottayam - 18. Printed at Sophia Print House, Kottayam